>> മുഖക്കുറിപ്പ്

# ഫാഷിസത്തിന്റെ വളർച്ച

**ഇന്ത്യൻ** സൈന്യത്തിലെ ഉയർന്ന ഓഫീസറായ കേണൽ പുരോഹിതിനെയും റിട്ടയർ ചെയ്ത മറ്റു ചില ഓഫീസർമാരെയും മാലേഗാവ് ബോംബ് സ്ഫോടനക്കേസ് അന്വേഷിക്കുന്ന എ.ടി.എസ് പിടികൂടിയത് രാജ്യത്തെ ഞെട്ടിച്ച സംഭവമായിരുന്നു. പിടിയിലായവരുടെ മൊഴികളിൽനിന്നും എ.ടി.എസ് ശേഖരിച്ച തെളിവുകളിൽനിന്നും സ്ഫോടന സംഭവത്തിൽ സൈനികോദ്യോഗസ്ഥർക്കുള്ള പങ്ക് പോലീസിന് ബോധ്യമായിരിക്കുന്നു. ഈ ഓഫീസർമാരുടെ പേരുൾപ്പെടുത്തിക്കൊണ്ട് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുകഴിഞ്ഞു. അത്യന്തം ഭയാനകമായ വസ്തുതകളാണ് അറസ്റ്റിലായവരുടെ മൊഴികൾ വെളിപ്പെടുത്തുന്നത്. ആപത്കരമായ വൻ ഗൂഢാലോചനയുടെ ഭാഗമായിരുന്നു മാലേഗാവ് സ്ഫോടനം. രാജ്യവ്യാപകമായ കൊലക്കും കൊള്ളക്കുമുള്ള പദ്ധതികളാണാവിഷ്കരിക്കപ്പെട്ടത്. നിരവധി പ്രമുഖരെ വകവരുത്താൻ ലക്ഷ്യമിട്ടിരുന്നു. കൊല്ലപ്പെടേണ്ടവരുടെ കൂട്ടത്തിൽ ആർ.എസ്.എസ്സിന്റെയും ബി.ജെ.പിയുടെയും ചില പ്രാദേശിക നേതാക്കൾ വരെ ഉൾപ്പെടുന്നു എന്നതാണത്ഭുതകരം. ഹിന്ദുത്വക്ക് വേണ്ടി വാദിക്കുകയും അതിന്റെ രാഷ്ട്രീയ വിജയത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നവർ പോലും ഹിന്ദുത്വ രാഷ്ട്ര സംസ്ഥാപനത്തിലേക്കുള്ള തങ്ങളുടെ മാർഗത്തിൽ പ്രതിബന്ധമുണ്ടാക്കുന്നവരാണെന്നു കണ്ടാൽ നിസ്സങ്കോചം ഉന്മൂലനം ചെയ്യപ്പെടണമെന്നാണ് ഗൂഢാലോചകരുടെ നിലപാട്. സമൂഹത്തിന്റെ വ്യത്യസ്ത തട്ടിലുള്ള ധാരാളം പേർ ഗൂഢാലോചനയിൽ പങ്കാളികളാണെന്നും പിടിയിലായവരുടെ മൊഴികൾ വ്യക്തമാക്കുന്നു. സംഝോത എക്സ്പ്രസ് സ്ഫോടനം ഉൾപ്പെടെയുള്ള നിരവധി ഭീകരകൃത്യങ്ങളിലും ഈ സംഘത്തിന്റെ പങ്ക് ബലമായി സംശയിക്കപ്പെടുന്നുണ്ട്.

രാജ്യത്ത് ഹിന്ദുത്വ ഫാഷിസ്റ്റ് ഭീകരത അഗാധമായി വേരോടിയിരിക്കുന്നുവെന്നാണ് ഈ സംഭവത്തിൽനിന്ന് വ്യക്തമാകുന്നത്. പക്ഷേ, ആ യാഥാർഥ്യത്തെ അർഹിക്കുന്ന ഗൗരവത്തോടെ ഉത്തരവാദപ്പെട്ടവർ സമീപിക്കുന്നുണ്ടോ? മാലേഗാവ് സ്ഫോടനക്കേസിൽ സൈനികർ പിടികൂടപ്പെട്ടപ്പോൾ, ഇന്ത്യൻ സൈന്യത്തെയും വർഗീയ ഭീകരഭൂതം ഗ്രസിക്കുകയാണോ എന്ന് രാജ്യസ്നേഹികൾ ഉത്കണ്ഠയുയർത്തുകയുണ്ടായി. കേണൽ പുരോഹിതിന്റേത് ഒറ്റപ്പെട്ട സംഭവമാണെന്നും നമ്മുടെ സൈന്യത്തെ വർഗീയ വിഷം തീണ്ടിയിട്ടില്ലെന്നുമായിരുന്നു സർക്കാർ ഭാഗത്തുനിന്നുണ്ടായ വിശദീകരണം. ഒറ്റപ്പെട്ട സംഭവത്തെ ഉയർത്തിക്കാട്ടി സൈന്യത്തെ അപകീർത്തിപ്പെടുത്തുന്നത് അവരുടെ ആത്മവീര്യം ക്ഷയിപ്പിക്കുകയും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നാണ് സർക്കാറിന്റെ നിലപാട്. സൈന്യത്തെ വർഗീയ ഭൂതം ബാധിക്കുന്നതാണോ അതല്ല അത് ചൂണ്ടിക്കാണിക്കുന്നതാണോ കൂടുതൽ അപകടകരം എന്ന ചോദ്യം അവശേഷിക്കുന്നു.

ഈയിടെ ഇന്ത്യയുടെ സൈന്യാധിപൻ ജനറൽ ദീപക് കപൂർ തന്നെ സൈന്യത്തിലേക്ക് വർഗീയത നുഴഞ്ഞുകയറുന്നുവെന്ന ആശങ്കയെ ശക്തിയായി നിഷേധിക്കുകയുണ്ടായി. സൈന്യത്തിൽ വർഗീയ ശക്തികൾക്ക് യാതൊരു നെറ്റ്‌വർക്കുമില്ല എന്നാണദ്ദേഹം പ്രസ്താവിച്ചത്. കേണൽ പുരോഹിതിനെതിരെ സൈന്യം സ്വന്തം നിലയിൽ നടപടിക്കൊരുങ്ങുകയാണ്. സൈന്യത്തിൽ വർഗീയത വളരാനുള്ള സാധ്യതകൾ പൂർണമായി തുടച്ചുനീക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും ജന. കപൂർ പറയുകയുണ്ടായി. അക്കാര്യത്തിൽ ജന. കപൂറിനു നാം വിജയം നേരുക.

സച്ചാർ കമീഷൻ അതിന്റെ തെളിവെടുപ്പുകാലത്ത് ഇന്ത്യൻ സൈന്യത്തിൽ മുസ്‌ലിംപ്രാതിനിധ്യത്തിന്റെ കണക്കു ചോദിച്ചപ്പോൾ സൈനിക നേതൃത്വം അത് നൽകാൻ തയാറായില്ല. ആ കണക്ക് വെളിപ്പെടുത്തുന്നത് സൈന്യത്തിൽ ജാതി മത വിഭാഗീയത വളർത്തിയേക്കും എന്നായിരുന്നു അവരുടെ ന്യായം. ഭരണ കക്ഷിയോ പ്രതിപക്ഷമോ സൈന്യത്തിന്റെ നിലപാടിനെ ചോദ്യം ചെയ്യുകയുണ്ടായില്ല. മുസ്‌ലിം പ്രാതിനിധ്യം വെളിപ്പെടുത്താൻ വിസമ്മതിക്കുന്നത്, അത് നാമമാത്രമേയുള്ളൂ എന്ന സത്യം മറച്ചുപിടിക്കാനുള്ള തന്ത്രമാണെന്ന് ചിലരെങ്കിലും സംശയിക്കാതിരുന്നില്ല. സൈനികമേഖലയിൽനിന്ന് മുസ്‌ലിംകൾ തഴയപ്പെടുന്നതിന് കേവലമായ അവകാശനിഷേധത്തിനപ്പുറമുള്ള ചില മാനങ്ങളുണ്ടെന്നാണ് മാലേഗാവ് സ്ഫോടനക്കേസിന്റെ അന്വേഷണം വെളിപ്പെടുത്തുന്നത്. സേനയുടെ എല്ലാ തലങ്ങളിലും മതിയായ മുസ്‌ലിം പ്രാതിനിധ്യമുള്ള സാഹചര്യത്തിൽ കേണൽ പുരോഹിതും കൂട്ടരും നടത്തിയതു പോലുള്ള ഗൂഢാലോചനകൾ അത്ര അനായാസമാവുകയില്ല. ഉത്തരേന്ത്യയിൽ വർഗീയ കലാപങ്ങളുണ്ടാകുമ്പോൾ അവിടത്തെ പോലീസ് സേനകൾ- വിശേഷിച്ചും സി.ആർ.പി- ഹിന്ദു വർഗീയവാദികളോടൊപ്പം ചേർന്ന് മുസ്‌ലിംകളെ അക്രമിക്കുന്നതിൽ കുപ്രസിദ്ധരാണ്. പോലീസിൽ മുസ്‌ലിംകൾക്ക് മതിയായ പ്രാതിനിധ്യം നൽകുക എന്നതാണ് അതിനു നിർദേശിക്കപ്പെട്ടിട്ടുള്ള പരിഹാരം; ഇതുവരെ പ്രാവർത്തികമാക്കപ്പെട്ടിട്ടില്ലെങ്കിലും. പട്ടാളത്തിൽ നുഴഞ്ഞുകയറുന്ന വർഗീയതയെയും പ്രതിരോധിക്കാനുള്ള ഫലപ്രദമായ മാർഗം ഇതുതന്നെയാണ്.

കഴിഞ്ഞ പത്തിരുപത്തഞ്ചു കൊല്ലക്കാലമായി തുടർന്നുവരുന്ന വിദ്വേഷാധിഷ്ഠിത രാഷ്ട്രീയത്തിന്റെ തിക്തഫലമാണ് രാജ്യത്തെങ്ങും വളർന്നുവരുന്ന ഫാഷിസ്റ്റ് പ്രവണത. അതിന്റെ ബീഭത്സമായ ഒരു പൊട്ടിത്തെറിയായിരുന്നു ബാബരിമസ്ജിദിന്റെ രക്തസാക്ഷ്യം. രാമജന്മഭൂമി പ്രക്ഷോഭം ജന്മംകൊണ്ടത് ഫാഷിസ്റ്റ് പ്രവണതയിൽനിന്നാണ്. ഇരുപതുകൊല്ലം പിന്നിട്ടിട്ടും ഫാഷിസ്റ്റുകൾക്ക് രാഷ്ട്രീയാധികാരത്തിലേക്കുള്ള പ്രബലമായ കോണിയായി അത് തുടരുകയാണ്. അടുത്ത് വരാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പിലും ഫാഷിസ്റ്റ് പരിവാരങ്ങൾ രാമക്ഷേത്ര നിർമാണമാണ് മുഖ്യ ഇഷ്യൂ ആയി ഉയർത്തിപ്പിടിക്കുന്നത്. ഹിന്ദു-മുസ്‌ലിം വൈരത്തിന്റെ വിളയാണ് അവർ കൊയ്തെടുക്കുന്ന വിജയം. മുഷ്ടി ചുരുട്ടി മതേതരത്വ മുദ്രാവാക്യം മുഴക്കിയതുകൊണ്ടു മാത്രം ഈ വിഷകൃഷി നശിപ്പിക്കാനാവില്ല. രാഷ്ട്ര സംവിധാനത്തിന്റെ എല്ലാ തലങ്ങളിലും എല്ലാ വിഭാഗങ്ങൾക്കും തുല്യ പ്രാതിനിധ്യവും സമഭാവനയും സാക്ഷാത്കരിക്കപ്പെടുകയാണ് വേണ്ടത്. ഉത്തരവാദപ്പെട്ടവർ അതിന് തയാറുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. ■